"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് -കേരള ബഡ്ജറ്റ് പ്രസംഗം 2021 - 2022 - സംസ്ഥാന സ്കൂൾ പാചക തൊഴിലാളികളുടെ വേതനത്തിൽ വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (എം ) വകുപ്പ്**

G.O.(Rt)No.3046/2021/GEDN തീയതി,തിരുവനന്തപുരം, 17/06/2021

പരാമർശം:- 1 സ.ഉ.(സാധാ)നമ്പർ 2911/2016/പൊ.വി.വ തിയതി 05/09/2016

2 സ.ഉ.(സാധാ)നമ്പർ 3298/2019/പൊ.വി.വ. തിയതി 17/08/2019

**ഉത്തരവ്**

പരാമർശം 1, 2 എന്നിവ പ്രകാരം സ്കൂൾ പാചക തൊഴിലാളികളുടെ ദിവസ വേതനത്തിൽ വർദ്ധനവ് വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2021-2022-ലെ കേരള ബജറ്റ് പ്രസംഗത്തിൽ (ഖണ്ഡിക -216), സ്കൂൾ പാചക തൊഴിലാളികളുടെ പ്രതിദിന അലവൻസിൽ 50/- രൂപയുടെ വർദ്ധനവ് വരുത്തുന്നുവെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, സ്കൂൾ പാചക തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ 01.04.2021 പ്രാബല്യത്തിൽ, 50/- രൂപയുടെ വർദ്ധനവ് വരുത്തി പുതുക്കിയ പ്രതിദിന വേതനം 600/- രൂപയായും കൂടിയ വേതനം 675-/- രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

2. പ്രസ്തുത വേതന വിതരണത്തിനായി വേണ്ടിവരുന്ന ചെലവ് തുക, 2021 -2022 ലെ സംസ്ഥാന ബജറ്റിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും, ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക്, വിനിയോഗിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
Principal Secretary

1.പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

2.അക്കൗണ്ടന്റ് ജനറൽ (എ &ഇ) തിരുവനന്തപുരം

3.ധന കാര്യ (എഡ്യൂക്കേഷൻ -എ) വകുപ്പ്

Ref.(U.O (F) No: EDN-A2/74/2018-FIN,dated:26/02/2021)

4.വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ )വകുപ്പ്.
5.സ്റ്റോക്ക് ഫയൽ /ഓഫിസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Namitha T
Date: 21-06-2021 11:17:06
Reason: Approved

സെക്ഷൻ ഓഫീസർ

**പകർപ്പ്**

1.ബഹു .പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2.പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ. യ്ക്ക്